"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തരവകുപ്പ് - പോലീസ് ജീവനക്കാര്യം - പട്ടിക ജാതി പട്ടിക വർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം 1995 പ്രകാരം സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് യൂണിറ്റുകളുടെ പ്രവർത്തനത്തിനായി പോലീസ് ഉദ്യോഗസ്ഥരുടെ പുതിയ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (പി) വകുപ്പ്**

സ.ഉ.(കൈ) നം.67/2026/HOME തീയതി,തിരുവനന്തപുരം, 11-03-2026

---

പരാമർശം:-

1. സംസ്ഥാന പോലീസ് മേധാവിയുടെ 03.02.2025 തീയതിയിലെ എസ്1(എ)-17602/2025/പി.എച്ച്.ക്യൂ. നമ്പർ കത്ത്
2. സംസ്ഥാന പോലീസ് മേധാവിയുടെ 14.07.2025 തീയതിയിലെ എസ്1(എ)-17602/2025/പി.എച്ച്.ക്യൂ. നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പട്ടിക ജാതി പട്ടിക വർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം 1995 പ്രകാരം സംസ്ഥാനതല ഉന്നതാധികാര വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 21.11.2024-ൽ യോഗം ചേർന്നിരുന്നു. ടി യോഗത്തിലെ അജണ്ട 5, തീരുമാനം 3 പ്രകാരം തിരുവനന്തപുരം റൂറൽ, കൊല്ലം, ഇടുക്കി, കോഴിക്കോട് റൂറൽ, പത്തനംതിട്ട ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് യൂണിറ്റുകൾ രൂപീകരിക്കുവാൻ ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശത്തിന്മേൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് തീരുമാനം കൈക്കൊള്ളുവാൻ നിർദ്ദേശിച്ചിരുന്നു.

2. പട്ടിക ജാതി പട്ടിക വർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം 1995 പ്രകാരം സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് യൂണിറ്റുകളുടെ പ്രവർത്തനത്തിനായി വിവിധ തസ്തികകളിലായി പ്രതിവർഷം 14.55 കോടി രൂപ അധിക സാമ്പത്തിക ബാധ്യതയോടെ പോലീസ് ഉദ്യോഗസ്ഥരുടെ 291 അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനായി പരാമർശം (1) പ്രകാരം സംസ്ഥാന പോലീസ് മേധാവി ശിപാർശ സമർപ്പിച്ചിരുന്നു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 10.07.2025 - ന് ചേർന്ന ഉന്നതതലയോഗം ഈ വിഷയം സർക്കാർ പരിഗണിക്കുന്നതിനായി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു. തുടർന്ന് വിവിധ തസ്തികകളിലായി പ്രതിവർഷം 6.95 കോടി രൂപ അധിക സാമ്പത്തിക ബാധ്യതയോടെ 119 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പുതുക്കിയ നിർദ്ദേശം പരാമർശം (2) പ്രകാരം

സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കി.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പട്ടിക ജാതി പട്ടിക വർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം 1995 പ്രകാരം, അഗളി, മാനന്തവാടി, കാസർഗോഡ് എന്നീ മൂന്ന് സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് യൂണിറ്റുകളുടെ പ്രവർത്തനത്തിനായി, പോലീസ് ഉദ്യോഗസ്ഥരുടെ താഴെപ്പറയുന്ന 41 പുതിയ തസ്തികകൾ അധികമായി സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| *Unit* | *DySP* | *Sub Inspector* | *ASI* | *SCPO* | *CPO* | *WCPO* | *Total* |
|---|---|---|---|---|---|---|---|
| *SMS PS, Agaly, Palakkad* | *1* | *2* | *2* | *3* | *6* | *2* | *16* |
| *SMS PS, Mananthavady, Wayanad* | *0* | *1* | *2* | *2* | *6* | *3* | *14* |
| *SMS PS, Kasaragod* | *0* | *1* | *2* | *3* | *5* | *0* | *11* |
| ***Total*** | ***1*** | ***4*** | ***6*** | ***8*** | ***17*** | ***5*** | ***41*** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) & ഓഡിറ്റ്, കേരള , തിരുവനന്തപുരം
ധനകാര്യവകുപ്പ് (25.02.2026 തീയതിയിലെ എക്സ്പെ-എ4/442/2023/ധന നമ്പർ അഭിപ്രായക്കുറിപ്പ് പ്രകാരം)
ആഭ്യന്തര (എസ്.സി.) വകുപ്പ്
പൊതുഭരണ (എസ്.സി.) വകുപ്പ് (10.03.2026-ലെ ഇനം. നം. 3837 പ്രകാരം)
പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sini George
Date: 12-03-2026 10:47:01
സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-03-2026

ഫയൽ നം. പി4/16/2025/ആഭ്യന്തരം. ഇനം നം: 3837

വിഷയം : ആഭ്യന്തര വകുപ്പ് - പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം 1995 പ്രകാരം സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് യൂണിറ്റുകളുടെ പ്രവർത്തനത്തിനായി പോലീസ് ഉദ്യോഗസ്ഥരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

11/3

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽനമ്പർ | പി4/16/2025/ആഭ്യന്തരം |
| 2 | വകുപ്പ് | ആഭ്യന്തര (പി) വകുപ്പ് |
| 3 | വിഷയം | പട്ടിക ജാതി പട്ടിക വർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം 1995 പ്രകാരം സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് യൂണിറ്റുകളുടെ പ്രവർത്ത-നത്തിനായി പോലീസ് ഉദ്യോഗസ്ഥരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് -സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 04.03.2026 |
| 5 | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | സംഗീത ടി എസ് |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ബിശ്വനാഥ് സിൻഹ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 04/3/26 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 4.3.26 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 5.3.26. |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

<u>മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ്</u>

പട്ടിക ജാതി പട്ടിക വർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം 1995 പ്രകാരം സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് യൂണിറ്റുകളുടെ പ്രവർത്തനത്തിനായി പോലീസ് ഉദ്യോഗസ്ഥരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 21.11.2024-ൽ നടന്ന സംസ്ഥാനതല ഉന്നതാധികാര വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റിയുടെ അജണ്ട 5, തീരുമാനം 3 പ്രകാരം തിരുവനന്തപുരം റൂറൽ, കൊല്ലം, ഇടുക്കി, കോഴിക്കോട് റൂറൽ പത്തനംതിട്ട ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് യൂണിറ്റുകൾ രൂപീകരിക്കുവാൻ ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശത്തിന്മേൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് തീരുമാനം കൈക്കൊള്ളുവാൻ ബഹു.മുഖ്യമന്ത്രി നിർദ്ദേശിച്ചിരുന്നു.

3) വിവിധ തസ്തികകളിലായി പ്രതിവർഷം 14.55 കോടി രൂപ അധിക സാമ്പത്തിക ബാധ്യതയോടെ 291 തസ്തികകൾ ഇതിലേയ്ക്കായി സൃഷ്ടിയ്ക്കുന്നതിനായിരുന്നു സംസ്ഥാന പോലീസ് മേധാവി ശിപാർശ സമർപ്പിച്ചിരുന്നത്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 10.07.2025 – ന് ചേർന്ന

ഉന്നതതലയോഗം ഈ വിഷയം സർക്കാർ പരിഗണിക്കുന്നതിനായി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു. തുടർന്ന് വിവിധ തസ്തികകളിലായി പ്രതിവർഷം 6.95 കോടി രൂപ അധിക സാമ്പത്തിക ബാധ്യതയോടെ 119 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പുതുക്കിയ നിർദ്ദേശം സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കി.

** page 20.c)

4) പുതുക്കിയ നിർദ്ദേശം സംബന്ധിച്ച് ധനകാര്യവകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു:-

Note # 66

*"AD is informed that proposal for creation of 119 posts cannot be agreed under the current financial scenario. However enhancing strength of existing three Special Mobile Squad could be considered now. For this AD is requested to furnish the bare minimum strength required for the functioning three SMS Police Stations and find out maximum number of posts by redeployment for reducing the creation of new posts to a very minimum level. AD is also requested to furnish the work profile of the all posts existing and newly proposed of the SMS Police stations."*

5) സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ, സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് പോലീസ് സ്റ്റേഷനുകളിലെ നിലവിലുള്ളതും പുതിയതായി നിർദ്ദേശിക്കപ്പെട്ടതുമായ എല്ലാ തസ്തികകളുടെയും work profile സഹിതം പ്രസ്തുത 119 അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ വീണ്ടും ധനകാര്യവകുപ്പിന് നല്കിയപ്പോൾ ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു:-

X page 69c.2

Note # 123

*'Finance' agrees to the creation of posts for the existing three Special Mobile Squad (SMS) Units, limited total strength at 20 posts each,as detailed below:-*

| Unit | DySP | Sub Inspector | ASI | SCPO | CPO | WCPO | Total |
|---|---|---|---|---|---|---|---|
| SMS PS, Agaly, Palakkad | 1 | 2 | 2 | 3 | 6 | 2 | 16 |
| SMS PS, Mananthavady, Wayanad | 0 | 1 | 2 | 2 | 6 | 3 | 14 |
| SMS PS, Kasaragod | 0 | 1 | 2 | 3 | 5 | 0 | 11 |
| Total | 1 | 4 | 6 | 8 | 17 | 5 | 41 |

*This has the approval of the Hon'ble Minister (Finance).*

6) ധനകാര്യവകുപ്പിന്റെ നിർദ്ദേശം പരിഗണിച്ച്, പട്ടിക ജാതി പട്ടിക വർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം 1995 പ്രകാരം സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് യൂണിറ്റുകളുടെ പ്രവർത്തനത്തിനായി മേൽ പറഞ്ഞ 41 പുതിയ തസ്തികകൾ സൃഷ്ടിക്കാമോ എന്നതിൽ ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

Note # 130

## തീരുമാനിക്കേണ്ട വിഷയം

ധനകാര്യ വകുപ്പ് അംഗീകരിച്ച പ്രകാരം, പട്ടിക ജാതി പട്ടിക വർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമം 1995 പ്രകാരം സ്പെഷ്യൽ മൊബൈൽ സ്ക്വാഡ്

യൂണിറ്റുകളുടെ പ്രവർത്തനത്തിനായി താഴെപ്പറയുന്ന 41 പുതിയ തസ്തികകൾ അധികമായി സൃഷ്ടിക്കാമോ?

| Unit | DySP | Sub Inspector | ASI | SCPO | CPO | WCPO | Total |
|---|---|---|---|---|---|---|---|
| SMS PS, Agaly, Palakkad | 1 | 2 | 2 | 3 | 6 | 2 | 16 |
| SMS PS, Mananthavady, Wayanad | 0 | 1 | 2 | 2 | 6 | 3 | 14 |
| SMS PS, Kasaragod | 0 | 1 | 2 | 3 | 5 | 0 | 11 |
| **Total** | 1 | 4 | 6 | 8 | 17 | 5 | 41 |

04.03.26

4.3.26

4-3-2026

4/3/21

5/3/26

**GOVERNMENT OF KERALA**
**(SHRI.PINARAYI VIJAYAN MINISTRY)**
**NOTE FOR COUNCIL OF MINISTERS**

| | | |
|---|---|---|
| 1 | File Number | P4/16/2025-HOME |
| 2 | Department | Home (P) Department |
| 3 | Subject | Creation of additional Police officer posts to support the effective functioning of Special Mobile Squad units under the Scheduled Castes and Scheduled Tribes (Prevention of Atrocities) Act, 1995- regarding |
| 4 | Date of Chief Minister's order for placing before the Council | 04.03.2026 |
| 5 | (i) Does the case involve financial commitments/implications | Yes |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | Yes |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | No |
| 7 | Name of Joint Secretary who submitted the Draft Note | Sangeetha T.S |
| 8 | Name of Additional Chief Secretary who approved the Draft Note | Bishwanath Sinha |
| 9 | Date of Approval of the Draft Note for the Council by the Additional Chief Secretary | 04/3/26 |
| 10 | Name of Chief Secretary who approved the Draft Note | Dr. A. Jayathilak |
| 11 | Date of approval of the Draft Note for the Council by the Chief Secretary | 4.5.26 |
| 12 | Name of Minister who approved the Draft Note | Pinarayi Vijayan |
| 13 | Date of approval of the Draft Note for the Council by the Minister | 5.3.26. |
| 14 | Date of submission of fair copies | |
| 15 | Date of decision by the Council of Ministers | |
| 16 | Number and Date of the G.O./ letter communicating the decision. | |

DRAFT NOTE FOR THE COUNCIL OF MINISTERS

This note is regarding the creation of additional Police officer posts to support the effective functioning of Special Mobile Squad units under the Scheduled Castes and Scheduled Tribes (Prevention of Atrocities) Act, 1995.

2) As per Agenda Item No. 5, Decision No. 3 of the State-Level High Power Vigilance & Monitoring Committee meeting held on 21.11.2024 under the chairmanship of the Hon'ble Chief Minister, it was ordered to convene a meeting under the chairmanship of the Chief Secretary to consider and take a decision on the proposal submitted by the State Police Chief for the creation of new posts required for the formation of Special Mobile Squad Units in the Thiruvananthapuram Rural, Kollam, Idukki, Kozhikode Rural, and Pathanamthitta districts.

3) The State Police Chief initially submitted a proposal for the creation of 291 posts across various categories for this purpose, with an additional annual financial commitment of ₹14.55 crore. In the high-level meeting held on 10.07.2025 under the chairmanship of the Chief Secretary, it was decided to recommend the matter for consideration by the Government. Subsequently, the State Police Chief submitted a revised

proposal for the creation of 119 posts across various categories, involving an additional annual financial commitment of ₹6.95 crore.

4) With regard to the revised proposal, the Finance Department has offered the following remarks:

*"AD is informed that proposal for creation of 119 posts cannot be agreed under the current financial scenario. However enhancing strength of existing three Special Mobile Squad could be considered now. For this AD is requested to furnish the bare minimum strength required for the functioning three SMS Police Stations and find out maximum number of posts by redeployment for reducing the creation of new posts to a very minimum level. AD is also requested to furnish the work profile of the all posts existing and newly proposed of the SMS Police stations."*

5) The State Police Chief has furnished the work profile of all existing and newly proposed posts in the Special Mobile Squad Police Stations. The recommendation for the creation of the said 119 additional posts again forwarded to Finance Department, that department has opined as follows:-

*'Finance' agrees to the creation of posts for the existing three Special Mobile Squad (SMS) Units, limited total strength at 20 posts each,as detailed below:-*

| *Unit* | *DySP* | *Sub Inspector* | *ASI* | *SCPO* | *CPO* | *WCPO* | *Total* |
|---|---|---|---|---|---|---|---|
| *SMS PS, Agaly, Palakkad* | *1* | *2* | *2* | *3* | *6* | *2* | *16* |
| *SMS PS, Mananthavady, Wayanad* | *0* | *1* | *2* | *2* | *6* | *3* | *14* |
| *SMS PS, Kasaragod* | *0* | *1* | *2* | *3* | *5* | *0* | *11* |
| *Total* | *1* | *4* | *6* | *8* | *17* | *5* | *41* |

*This has the approval of the Hon'ble Minister (Finance).*

6) In light of the remarks of the Finance Department, the file was submitted to the Hon'ble Chief Minister for orders as to whether the above-mentioned 41 new posts may be created for the effective functioning of the Special Mobile Squad Units under the Scheduled Castes and Scheduled Tribes (Prevention of Atrocities) Act, 1995. The Hon'ble Chief Minister has ordered that the matter be placed before the Council of Ministers for consideration.

Note # 130

POINT FOR DECISION

Whether approval may be accorded for the creation of the following 41 additional posts for the effective functioning of the Special Mobile Squad Units under the Scheduled Castes and Scheduled Tribes

(Prevention of Atrocities) Act, 1995, as concurred by the Finance Department?

| *Unit* | *DySP* | *Sub Inspector* | *ASI* | *SCPO* | *CPO* | *WCPO* | *Total* |
|---|---|---|---|---|---|---|---|
| *SMS PS, Agaly, Palakkad* | *1* | *2* | *2* | *3* | *6* | *2* | *16* |
| *SMS PS, Mananthavady, Wayanad* | *0* | *1* | *2* | *2* | *6* | *3* | *14* |
| *SMS PS, Kasaragod* | *0* | *1* | *2* | *3* | *5* | *0* | *11* |
| ***Total*** | ***1*** | ***4*** | ***6*** | ***8*** | ***17*** | ***5*** | ***41*** |

04.03.26

4-3-26

4-3-2026

5/3/26

4/3/26